2025
DECEMBER
06
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ
SOCIETY TODAY e-paper




# ഭവന, വാഹന, വ്യക്തിഗത വായ്പകളുടെ പലിശ നിരക്ക് കുറയും

## അടിസ്ഥാന പലിശനിരക്കിൽ 0.25 ശതമാനത്തിന്റെ കുറവ്

**ന്യൂഡൽഹി:** രണ്ടുതവണ പലിശനിരക്ക് നിലനിർത്തിയ റിസർവ് ബാങ്ക് പണനയസമിതി ഇക്കുറി അടിസ്ഥാനപലിശനിരക്കിൽ 0.25 ശതമാനത്തിന്റെ കുറവ് വരുത്തി. റീപ്പോ നിരക്ക് 5.25 ശതമാനമായതിനാൽ അടുത്ത 2 മാസത്തേക്ക് ഭവന, വാഹന, വ്യക്തിഗത വായ്പകളുടെ പലിശ നിരക്കിൽ കുറവുണ്ടാകും.

വായ്പകളുടെ പ്രതിമാസ തിരിച്ചടവോ (ഇഎംഐ) തിരിച്ചടവു കാലയളവോ കുറയാം. പുതിയ സ്ഥിരനിക്ഷേപങ്ങളുടെ (ഫിക്സ്ഡ് ഡിപ്പോസിറ്റ്) പലിശയും ഇതിന് ആനുപാതികമായി കുറഞ്ഞേക്കും. പുതിയ നിക്ഷേപങ്ങൾക്കോ നിലവിലുള്ളതിന്റെ കാലാവധി തീരുമ്പോൾ പുതുക്കുകയോ ചെയ്യുമ്പോഴാണ് പുതിയ പലിശനിരക്ക് ബാധകമാകുന്നത്.



സാഹചര്യങ്ങൾക്കനുസരിച്ച് പലിശ നിരക്ക് കൂട്ടുകയോ കുറയ്ക്കുകയോ ചെയ്യാ!ൻ എംപിസിക്ക് സ്വാതന്ത്ര്യം നൽകുന്ന ന്യൂട്രൽ സ്റ്റാൻസ് തുടരാനും തീരുമാനിച്ചു. ഇക്കുറി പലിശനിരക്ക് സംബന്ധിച്ച് തീരുമാനമെടുക്കാൻ എംപിസിക്ക് പ്രയാസമായിരിക്കുമെന്നാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഗവേഷണ വിഭാഗം കഴിഞ്ഞ മാസം അഭിപ്രായപ്പെട്ടത്. ഒക്ടോബറിലെ വിലക്കയറ്റത്തോത് 10 വർഷത്തെ ഏറ്റവും കുറഞ്ഞ നിരക്കായ 0.25 ശതമാനമായിരുന്നു.

സാധാരണ വിലക്കയറ്റത്തോത് കുറയുമ്പോൾ പലിശനിരക്ക് കുറയ്ക്കാൻ റിസർവ് ബാങ്കിനു കൂടുതൽ സ്വാതന്ത്ര്യം ലഭിക്കുന്നതാണ്.

എന്നാൽ രണ്ടാം പാദത്തിലെ സാമ്പത്തിക വളർച്ചനിരക്ക് കൂടുതൽ മെച്ചപ്പെട്ടതായിരുന്നു. ഉയർന്ന സാമ്പത്തികവളർച്ചയുണ്ടാകുമ്പോൾ പൊതുവേ പലിശനിരക്ക് കുറയ്ക്കേണ്ട സാഹചര്യമില്ല. ഇത്തരത്തിൽ വിപരീതസ്വഭാവത്തിലുള്ള സൂചനകൾ വച്ച് എംപിസി എന്തു തീരുമാനമെടുക്കുമെന്നതിലായിരുന്നു ആകാംക്ഷ.



# തത്കാൽടിക്കറ്റ് ബുക്കിംഗിനും ഒടിപി സംവിധാനം

**ന്യൂഡൽഹി:** തത്കാൽ ട്രെയിൻ ടിക്കറ്റ് ബുക്കിംഗിനായി പുതിയ സുരക്ഷാ സംവിധാനം അവതരിപ്പിച്ച് ഇന്ത്യൻ റെയിൽവേ. യാത്രക്കാരന്റെ മൊബൈൽ നമ്പറിലേക്ക് അയയ്ക്കുന്ന വൺടൈം പാസ്‌വേഡ് (ഒടിപി) വെരിഫിക്കേഷനുശേഷം മാത്രമേ ഇനി ടിക്കറ്റുകൾ നൽകുകയുള്ളൂ. ചില സ്റ്റേഷനുകളിൽ പരീക്ഷണ അടിസ്ഥാനത്തിൽ ഇത് ആരംഭിച്ച് കഴിഞ്ഞു.

ആഴ്ചകൾക്കുള്ളിൽ ഇത് പൂർണതോതിൽ പ്രവർത്തന സജ്ജമാകും. റെയിൽവേ ബോർഡ് പുറപ്പെടുവിച്ച മാർഗനിർദേശങ്ങൾക്കനുസരിച്ചാണ് തത്കാൽ ബുക്കിംഗ് സംവിധാനത്തിൽ ഒരു പ്രധാന മാറ്റം വരുത്തിയിട്ടുള്ളത്.

സിസ്റ്റം ജനറേറ്റ് ചെയ്യുന്ന വൺടൈം പാസ്‌വേഡ് സ്ഥിരീകരിച്ചതിനുശേഷം മാത്രമേ ഇനി തത്കാൽ ടിക്കറ്റുകൾ നൽകുകയുള്ളൂ. ബുക്ക് ചെയ്യുന്ന സമയത്ത് യാത്രക്കാരൻ നൽകുന്ന മൊബൈൽ നമ്പറിലേക്ക് ഈ ഒടിപി അയച്ച് ഒടിപി വിജയകരമായി സാധൂകരിച്ചതിനുശേഷം മാത്രമേ ടിക്കറ്റ് നൽകുകയുള്ളൂവെന്നു റെയിൽവേ മന്ത്രാലയത്തിന്റെ അറിയിപ്പിൽ വ്യക്തമാക്കി.

# അവധൂത് സാഠേയ്ക്ക് സെബിയുടെ പൂട്ട്; വിലക്കേർപ്പെടുത്തി ഉത്തരവ്



**ന്യൂഡൽഹി:** പ്രമുഖ ഫിനാൻഷ്യൽ ഇൻഫ്ളുവൻസറും ‘അവധൂത് സാഠേ ട്രേഡിങ് അക്കാദമി സ്ഥാപകനുമായ അവധൂത് സാഠേയ്ക്ക് വിലക്കേർപ്പെടുത്തി സെബി (സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ). രജിസ്ട്രേഷനില്ലാതെ നിക്ഷേപ ഉപദേശങ്ങൾ നൽകിയതിനും നിക്ഷേപകരെ തെറ്റിദ്ധരിപ്പിച്ചതിനുമാണ് നടപടി. ഇതിലൂടെ സമ്പാദിച്ച 546 കോടി രൂപ തിരികെ അടയ്ക്കാനും സെബി ഉത്തരവിട്ടിട്ടുണ്ട്.

അവധൂത് സാഠേയ്ക്കും അക്കാദമിയുടെ ഡയറക്ടറായ ഗൗരി സാഠേയ്ക്കുമാണ് ഇനിയൊരു ഉത്തരവുണ്ടാകുന്നതുവരെ സെബി വിലക്കേർപ്പെടുത്തിയിട്ടുള്ളത്. ഇവർക്ക് ഓഹരികൾ വിൽക്കാനോ വാങ്ങാനോ കഴിയില്ല. ഒരുതരത്തിലുള്ള നിക്ഷേപ ഉപദേശവും നൽകാൻ പാടില്ലെന്നും ലൈവ് ട്രേഡിങ് നടത്താൻ കഴിയില്ലെന്നും ഉത്തരവിലുണ്ട്. 546 കോടി രൂപ സെബിയിലേക്ക് തിരികെ നൽകുന്നതുവരെ ഇവരുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കാനും നിർദേശമുണ്ട്.

ഓഹരിവിപണിയെക്കുറിച്ചുള്ള പരിശീലനത്തിന്റെ മറവിൽ സെബിയുടെ ലൈസൻസില്ലാതെ നിക്ഷേപകരെ കബളിപ്പിച്ച് ഓഹരിവ്യാപാരം നടത്തുന്നവരെക്കുറിച്ച് സെബി അന്വേഷണം ശക്തമാക്കിയിരുന്നു. ഈ അന്വേഷണത്തിലാണ് സാമൂഹികമാധ്യമങ്ങളിലൂടെ പ്രശസ്തി നേടിയ അവധൂത് സാഠേയും കുടുങ്ങിയത്.

അവധൂത് സാഠേ ആരംഭിച്ച അക്കാദമി ഓഹരിവിപണിയെ സംബന്ധിച്ചുള്ള കോഴ്സുകൾ വാഗ്ദാനംചെയ്ത് ഇതിന്റെ മറവിൽ നിക്ഷേപകർക്ക് ഉപദേശം നൽകി ഓഹരികൾ വിൽക്കുകയും വാങ്ങുകയും ചെയ്തിരുന്നതായാണ് അന്വേഷണത്തിലെ കണ്ടെത്തൽ. അവധൂത് സാഠേയുടെ വീഡിയോകളും വാട്സാപ്പ് സന്ദേശങ്ങളും അടക്കം പരിശോധിച്ചശേഷമാണ് സെബി ഇക്കാര്യങ്ങളെല്ലാം കണ്ടെത്തിയത്.

ഓഹരിവിപണിയിൽനിന്ന് ലാഭം നേടാമെന്ന പരസ്യം നൽകിയാണ് അവധൂത് സാഠേ അക്കാദമി കോഴ്സുകൾ സംഘടിപ്പിച്ചിരുന്നത്. ഇതിന്റെ പരസ്യത്തിനായി ലാഭകരമായ ഓഹരിവ്യാപാര ഇടപാടുകളുടെ സ്ക്രീൻഷോട്ടുകളും ഉപയോഗിച്ചു. കോഴ്സുകൾക്ക് ഉയർന്ന ഫീസും ഈടാക്കിയിരുന്നു. എന്നാൽ, ഇത്തരം കോഴ്സുകളിൽ ചേരുന്നവർക്ക് മാനദണ്ഡങ്ങൾ ലംഘിച്ച് നിക്ഷേപ ഉപദേശങ്ങൾ നൽകിയതായും റിപ്പോർട്ടുകളിൽ പറയുന്നു.

2024ൽ ഇതുസംബന്ധിച്ച് സെബി അവധൂത് സാഠേയ്ക്ക് മുന്നറിയിപ്പ് നൽകിയിരുന്നു.




# ക്ഷേത്രത്തിന്റെ പണം സഹകരണ ബാങ്കിന്റെ അതിജീവനത്തിന് ഉപയോഗിക്കാനാകില്ല: സുപ്രീം കോടതി

**ന്യൂഡൽഹി:** ക്ഷേത്രത്തിന് ലഭിക്കുന്ന പണം ദൈവത്തിന് അവകാശപ്പെട്ടതാണെന്ന് സുപ്രീം കോടതി ചീഫ് ജസ്റ്റിസ് സൂര്യകാന്ത്. ആ പണം ക്ഷേത്രത്തിന്റെ താത്പര്യത്തിന് മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. സഹകരണ ബാങ്കിന്റെ അതിജീവനത്തിനായി ക്ഷേത്രത്തിന്റെ പണം ഉപയോഗിക്കാനാകില്ലെന്നും സുപ്രീം കോടതി വ്യക്തമാക്കി.

തിരുനെല്ലി മഹാവിഷ്ണു ക്ഷേത്രം, തൃശിലേരി ശിവക്ഷേത്രം എന്നീ ക്ഷേത്രങ്ങൾ രണ്ട് സഹകരണ ബാങ്കുകളിൽ നടത്തിയ സ്ഥിരനിക്ഷേപം പിൻവലിച്ച് ദേശസാൽകൃത ബാങ്കുകളിലേക്ക് മാറ്റാൻ കേരള ഹൈക്കോടതി നിർദേശിച്ചിരുന്നു. ഇതിനെതിരെ മാനന്തവാടി അർബൻ കോപ്പറേറ്റീവ് സൊസൈറ്റിയും തിരുനെല്ലി സർവ്വീസ് കോപ്പറേറ്റിവ് ബാങ്കുമാണ് സുപ്രീം കോടതിയെ സമീപിച്ചത്. തിരുനെല്ലി മഹാവിഷ്ണു ക്ഷേത്രത്തിന്റെ 1.73 കോടി സ്ഥിരനിക്ഷേപമാണ് മാനന്തവാടി അർബൻ കോപ്പറേറ്റീവ് സൊസൈറ്റിയിലുള്ളത്. തൃശിലേരി ശിവക്ഷേത്രത്തിന്റെ 15.68 ലക്ഷം രൂപയുടെ സ്ഥിരനിക്ഷേപവും മാനന്തവാടി അർബൻ കോപ്പറേറ്റീവ് സൊസൈറ്റിയിൽ ഉണ്ട്.

തിരുനെല്ലി മഹാവിഷ്ണുക്ഷേത്രത്തിന്റെ 8.5 കോടി സ്ഥിരനിക്ഷേപവും തൃശിലേരി ശിവക്ഷേത്രത്തിന്റെ 1.5 കോടിയുടെ സ്ഥിരനിക്ഷേപവുമാണ് തിരുനെല്ലി സർവ്വീസ് കോപ്പറേറ്റീവ് ബാങ്കിൽ ഉള്ളത്. കാലാവധി പൂർത്തിയാകാത്ത ഈ നിക്ഷേപങ്ങൾ ഒറ്റയടിക്ക് പിൻവലിച്ചാൽ സഹകരണ സംഘങ്ങൾ പ്രതിസന്ധിയിലാകുമെന്ന് ഹർജിക്കാർക്കുവേണ്ടി ഹാജരായ സീനിയർ അഭിഭാഷകൻ പി.വി. സുരേന്ദ്ര നാഥ്, അഭിഭാഷകൻ മനു കൃഷ്ണൻ എന്നിവർ വാദിച്ചു. ഈ വാദം അംഗീകരിക്കാൻ ചീഫ് ജസ്റ്റിസ് സൂര്യകാന്ത് അധ്യക്ഷനായ ബെഞ്ച് തയ്യാറായില്ല. ഹൈക്കോടതി ഉത്തരവിൽ ഇടപെടുന്നില്ലെന്നും ബെഞ്ച് വ്യക്തമാക്കി. പണം ദേശസാൽകൃത ബാങ്കുകളിലേക്ക് മാറ്റുന്നതിൽ എന്താണ് കുഴപ്പമെന്ന് സുപ്രീം കോടതി ചോദിച്ചു.

# ഡി.എ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കൽ: പരിഗണനയിലില്ലെന്ന് കേന്ദ്രം

**ന്യൂഡൽഹി:** കേന്ദ്ര സർക്കാർ ജീവനക്കാരുടെ ക്ഷാമബത്ത അടിസ്ഥാന ശമ്പളവുമായി ലയിപ്പിക്കൽ നിലവിൽ പരിഗണനയിലില്ലെന്ന് കേന്ദ്ര സർക്കാർ വ്യക്തമാക്കി. പാർലമെന്റിൽ ഉന്നയിച്ച ചോദ്യത്തിന് ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരിയാണ് ഇക്കാര്യം അറിയിച്ചത്. എട്ടാം ശമ്പള കമ്മീഷന്റെ അധികാര പരിധി സംബന്ധിച്ച വിശദാംശങ്ങൾ സർക്കാർ പുറത്തിറക്കിയതിന് പിന്നാലെയാണ് ഈ വിശദീകരണം.

50 ശതമാനം ഡിഎ അടിസ്ഥാന ശമ്പളത്തിൽ ലയിപ്പിക്കണമെന്നാണ് ജീവനക്കാരുടെ സംഘടനകൾ ആവശ്യപ്പെടുന്നത്.

50 ലക്ഷത്തോളം വരുന്ന കേന്ദ്ര സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും പരിഷ്കരിക്കുന്നതിനാണ് എട്ടാം ശമ്പള കമ്മീഷൻ രൂപീകരിച്ചത്. മുൻ സുപ്രീം കോടതി ജഡ്ജി രഞ്ജന പ്രകാശ് ദേശായിയാണ് കമ്മീഷന്റെ അധ്യക്ഷ. ശുപാർശകൾ 2027ലാകും സമർപ്പിക്കുക. എന്നാൽ 2026 ജനുവരി ഒന്നു മുതൽ ശമ്പള പരിഷ്കരണം പ്രാബല്യത്തിൽ വന്നേക്കും.



# ഭിന്നശേഷി ദിനാചരണം സംഘടിപ്പിച്ചു

**പത്തനംതിട്ട:** ഭിന്നശേഷി കുട്ടികളെ വീട്ടിൽ മാത്രമായി ഒതുക്കാതെ പഠനത്തിലും കലാപരിപാടികളിലും സജീവമായി പങ്കെടുപ്പിച്ച് അവരുടെ ലോകം വിശാലമാക്കണമെന്ന് ജില്ല കലക്ടർ എസ് പ്രേം കൃഷ്ണൻ. അന്താരാഷ്ട്ര ഭിന്നശേഷി ദിനാചരണത്തിന്റെ ഭാഗമായി ജില്ലാ ഭരണകൂടവും വൈസ് മെൻ ക്ലബ് പത്തനംതിട്ടയും സംയുക്തമായി കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ സംഘടിപ്പിച്ച 'കലക്ടർക്കൊപ്പം കൈകോർക്കാം' പരിപാടിയുടെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം.

സമൂഹത്തിൽ ഇടം ലഭിക്കുമ്പോഴാണ് ഭിന്നശേഷി കുട്ടികളുടെ കഴിവ് പൂർണമായി തെളിയുന്നത്. ഇവരുടെ പഠനത്തിനായി ജില്ലയിൽ വിവിധ സ്കൂളുകൾ ഉണ്ട്. ഓരോ വ്യക്തിയുടെയും കഴിവ് വ്യത്യസ്തമാണ്.

പ്രതിഭയും കഴിവും തിരിച്ചറിയപ്പെട്ട് ഭിന്നശേഷി കുട്ടികൾ വളരുവാൻ സമൂഹത്തിന്റെ പിന്തുണ ആവശ്യമാണെന്നും ജില്ല കലക്ടർ പറഞ്ഞു. ജില്ലാ ദുരന്തനിവാരണ ഡെപ്യൂട്ടി കലക്ടർ ആർ രാജലക്ഷ്മി അധ്യക്ഷയായി. സിനിമ സംവിധായകൻ രാകേഷ് കൃഷ്ണൻ കുരമ്പാല മുഖ്യാതിഥിയായി.

മലയാലപ്പുഴ ബഡ്സ് സ്കൂൾ, പത്തനംതിട്ട മുനിസിപ്പാലിറ്റി ബഡ്സ് സ്കൂൾ എന്നിവിടങ്ങളിലെ കുട്ടികൾക്ക് ജില്ല കലക്ടർ സ്നേഹോപഹാരം നൽകി. കുട്ടികൾ കലാപരിപാടി അവതരിപ്പിച്ചു. ഡെപ്യൂട്ടി കലക്ടർ ബീന എസ് ഹനീഫ്, ഹുസൂർ ശിരസ്തദാർ വർഗീസ് മാത്യു, വൈസ് മെൻ ക്ലബ് ഭാരവാഹി ജേക്കബ് വർഗീസ് എന്നിവർ പങ്കെടുത്തു.

## മീഡിയ/ജേണലിസ്റ്റ് അക്രഡിറ്റേഷൻ പുതുക്കലിന് അപേക്ഷിക്കാം

**തിരുവനന്തപുരം:** മീഡിയ/ജേണലിസ്റ്റ് അക്രഡിറ്റേഷൻ 2026ലേക്ക് പുതുക്കുന്നതിന് 2025 ഡിസംബർ 10 വരെ ഓൺലൈനായി അപേക്ഷിക്കാം. 2025ൽ അക്രഡിറ്റേഷൻ പുതുക്കി, കാർഡ് ലഭിച്ചവരാണ് പുതുക്കേണ്ടത്. www.prd.kerala.gov.in ൽ ചുവടെ നൽകിയിട്ടുള്ള മീഡിയ അക്രഡിറ്റേഷൻ പുതുക്കൽ ലിങ്കിൽ കയറിയാണ് അപേക്ഷ നൽകേണ്ടത്. https://duk.ac.in/iprd/ എന്ന ലിങ്കിലൂടെയും പുതുക്കാം. ഗൂഗിൾ ക്രോം ബ്രൗസർ ഉപയോഗിക്കുന്നതാണ് ഉചിതം. അക്രഡിറ്റേഷൻ നമ്പരും പാസ് വേഡും നൽകി നിലവിലുള്ള പ്രൊഫൈൽ പേജിൽ പ്രവേശിക്കാം. പാസ്വേഡ് ഓർമയില്ലാത്തവർ ഫൊർഗോട്ട് പാസ്വേഡ് വഴി റീസെറ്റ് നൽകിയാൽ പുതിയ പാസ് വേഡ് അക്രഡിറ്റേഷൻ കാർഡിൽ നൽകിയിട്ടുള്ള ഇ മെയിലിൽ ലഭിക്കും. (പുതിയ പാസ് വേഡ് മെയിലിലെ ഇൻബോക്സിൽ കണ്ടില്ലെങ്കിൽ സ്പാം ഫോൾഡർ കൂടി പരിശോധിക്കണം.)

പ്രൊഫൈലിൽ (ഫോട്ടോ, ഒപ്പ്, തസ്തിക, ജില്ല, വിലാസം തുടങ്ങി) ആവശ്യമായ തിരുത്തലുകൾ വരുത്താവുന്നതാണ്. ബ്യൂറോയിലുള്ളവർ മീഡിയാ വിഭാഗത്തിലും എഡിറ്റോറിയൽ ജീവനക്കാർ ജേണലിസ്റ്റ് വിഭാഗത്തിലുമാണ് അപേക്ഷിക്കേണ്ടത്. രേഖപ്പെടുത്തിയ വിവരങ്ങൾ അപേക്ഷകന് പരിശോധിക്കാൻ പ്രിവ്യൂ സൗകര്യം ലഭ്യമാണ്. അപ്ഡേഷനുകൾ കൺഫേം ചെയ്ത് അപേക്ഷയുടെ പ്രിന്റ് ഔട്ട് എടുത്ത് ബ്യൂറോ ചീഫിന്റെയോ ന്യൂസ് എഡിറ്ററുടെയോ ഒപ്പും സീലുമായി സാക്ഷ്യപത്രം സഹിതം ജില്ല ഇൻഫർമേഷൻ ഓഫീസിൽ ഡിസംബർ 10ന് വൈകിട്ട് 5നകം നൽകണം. നിലവിൽ ഉള്ള കാർഡിന്റെ പകർപ്പും അപേക്ഷയോടൊപ്പം സമർപ്പിക്കണം. പുതിയതായി അക്രഡിറ്റേഷൻ അനുവദിച്ചവർക്ക്:

29.10.2005 ലെ സി1/83/2025 ഐ&പിആർഡി ഉത്തരവ് പ്രകാരം പുതുതായി അക്രഡിറ്റേഷൻ അനുവദിച്ചവർ https://duk.ac.in/iprd/index.php ലിങ്കിലൂടെ പ്രൊഫൈൽ ക്രിയേറ്റ് ചെയ്യണം.

## റാങ്ക് പട്ടിക റദ്ദായി

**പാലക്കാട്:** ജില്ലയിലെ വിദ്യാഭ്യാസ വകുപ്പിൽ യു പി എസ് ടി ( മലയാളം മീഡിയം) തസ്തികയിലേക്കുള്ള നിയമനത്തിനായി നിലവിൽ വന്ന 258/2022/ടട ഡ നമ്പർ റാങ്ക് പട്ടിക മൂന്ന് വർഷം കാലാവധി പൂർത്തിയായതിനാൽ 2025 മെയ് 30 അർദ്ധരാത്രി മുതൽ റദ്ദാക്കിയതായി കേരള പി എസ് സി ജില്ലാ ഓഫീസർ അറിയിച്ചു.



# മേക്കടമ്പ് പള്ളിപ്പെരുന്നാളിന് കൊടിയേറി

**കൊച്ചി:** മേക്കടമ്പ് മോർ ഇഗ്നാത്തിയോസ് നൂറോനോ സിറിയൻ സിംഹാസന പള്ളിയിൽ മോർ ഇഗ്നാത്തിയോസ് ബാവയുടെ ഓർമ്മപ്പെരുന്നാളും ശിലാസ്ഥാപനദിനവും സംയുക്തമായി ഇന്നലെ കൊടിയേറി. ഡിസംബർ 5 മുതൽ (വെള്ളി, ശനി, ഞായർ, തിങ്കൾ, ചൊവ്വ) തീയതികളിൽ മേക്കടമ്പ് മോർ ഇഗ്നാത്തിയോസ് നൂറോനോ സിറിയൻ സിംഹാസനപള്ളിയുടെ കാവൽപിതാവ് പരിശുദ്ധനായ മോർ ഇഗ്നാത്തിയോസ് നൂറോനോ ബാവയുടെ ഓർമ്മപ്പെരുന്നാളും, പള്ളിയുടെ 450മത് ശിലാസ്ഥാപനദിനവും സംയുക്തമായി 2025 ഡിസംബർ 6, 7,8,9 തീയതികളിൽ തീയതികളിൽ നടത്തപ്പെടുന്നു. 2025 ഡിസംബർ 5, വെള്ളി എം.ഐ.എൻ. പബ്ലിക് സ്കൂൾ പേട്രൻസ് ഡേ രാവിലെ 7.15ന് പ്രഭാത പ്രാർത്ഥന.

8.15 ന് വി.കുർബ്ബാന റവ. ഫാ. റോയി കെ. വർഗീസ് (പ്രിൻസിപ്പാൾ, ങ കച പബ്ലിക് സ്കൂൾ, മേക്കടമ്പ്), പേട്രൻസ് ഡേ സന്ദേശം. 2025 ഡിസംബർ 6, ശനി രാവിലെ 6.30ന് പ്രഭാത പ്രാർത്ഥന7.00 ന് വി. കുർബ്ബാന റവ. ഫാ. പ്രിൻസ് മരുതനാട്ട്. വൈകിട്ട് 6.15 ന് സന്ധ്യാപ്രാർത്ഥന, ഗാനശുശ്രൂഷ, ആമുഖ സന്ദേശം, 7.30 ന് കുടുംബ നവീകരണ ധ്യാനം, പള്ളിയുടെ കീഴിലുള്ള ഭക്തസംഘടനകളുടെ ആഭിമുഖ്യത്തിൽ ഡോ. ഡിക്സൺ പി. തോമസ് . 2025 ഡിസംബർ 7, ഞായർ രാവിലെ 7.00 ന് പ്രഭാത പ്രാർത്ഥന 8.00 ന് വി. കുർബ്ബാന അഭി. പൗലോസ് മോർ ഐറേനിയോസ് മെത്രാപ്പോലീത്ത തിരുമനസ്സുകൊണ്ട് വൈകിട്ട് 6.30 ന് സന്ധ്യാപ്രാർത്ഥന വി. ദൈവമാതാവിന്റെ നാമത്തിലുള്ള കുരിശുംതൊട്ടിയിൽ (ഗവ: എൽ.പി.എസ്.ന് സമീപം), 7.30 ന് വചന ശുശ്രൂഷ റവ. ഫാ. ജിജോ വർഗീസ് പാക്കുന്നേൽ, കുറ്റ (വികാരി, സെൻറ് ജോർജ്ജ് യാക്കോബായ സുറിയാനി പള്ളി, തോട്ടകം) 8.45 ന് ആശീർവാദം, നേർച്ചസദ്യ. 2025 ഡിസംബർ 8, തിങ്കൾ രാവിലെ 7.00 ന് പ്രഭാത പ്രാർത്ഥന വി. ദൈവമാതാവിന്റെ നാമത്തിലുള്ള കുരിശുംതൊട്ടിയിൽ (ഗവ: എൽ.പി.എസ്.ന് സമീപം), 8.00 ന് വി. കുർബ്ബാന റവ. ഫാ. മനു തങ്കച്ചൻ പുല്ലന്തൂർ (സഹ വികാരി, സെൻറ് മേരീസ് സിറയൻ സിംഹാസന പള്ളി, ആർത്താറ്റ്, കുന്നംകുളം) 9.30ന് ആശീർവാദം, നേർച്ച. വൈകിട്ട് 5.00 ന് മേമ്പൂട്ടിൽ നിന്നും പള്ളി സാധനങ്ങൾ പള്ളിയിലേക്ക് കൊണ്ടുവരുന്നു. 6.15 ന് സന്ധ്യാപ്രാർത്ഥന, 7.30 ന് പ്രദക്ഷിണം ദേശം ചുറ്റിയുള്ള പ്രദക്ഷിണം (പ്രദക്ഷിണം പള്ളിയിൽ നിന്നും ഇറങ്ങിയഥാക്രമം കൽകുരിശ്, താഴെയുള്ള കുരിശുപള്ളി, സെ. മേരീസ് കുരിശുപള്ളി, സെ. ജോർജ്ജ് കുരിശുപള്ളി, സെ. ഗ്രിഗോറിയോസ് കുരിശുപള്ളി ചുറ്റി തിരികെ പള്ളിയിൽ പ്രവേശിക്കുന്നു) 9.30 ന് ആശീർവാദം, നേർച്ചസദ്യ. 2025 ഡിസംബർ 9, ചൊവ്വ രാവിലെ 7.30 ന് പ്രഭാത പ്രാർത്ഥന, 8.30 ന് വി. മൂന്നിന്മേൽ കുർബ്ബാന അഭിവന്ദ്യ ഐസക്ക് മോർ ഒസ്താത്തിയോസ് തിരുമനസ്സിന്റെ മുഖ്യകാർമ്മികത്വത്തിലും വെരി. റവ. രാജു കൊളാപ്പുറത്ത് കോർ എപ്പിസ്കോപ്പ, റവ. ഫാ. ജോർജ്ജ് ചേന്നോത്ത് എന്നീ വൈദീകരുടെ സഹകാർമ്മികത്വത്തിലും. പ്രസംഗം : അഭി. തിരുമനസ്സുകൊണ്ട് 10.30ന് പ്രദക്ഷിണം (കൽക്കുരിശ് വഴി താഴെ വി. ഗീവർഗീസ് സഹദായുടെ കുരിശുചുറ്റി തിരികെ പള്ളിയിൽ) 11.00 ന് ആശീർവാദം 11.15 ന് നേർച്ച സദ്യ 11.30 ന് ലേലം, ഉച്ചക്ക് 12.30ന് കൊടിയിറക്കം

# സ്പാർക്ക് പദ്ധതിയിൽ 1.19 കോടി ബജറ്റുള്ള ഇന്ത്യ – കൊറിയ ഗവേഷണപദ്ധതി കുസാറ്റ് കരസ്ഥമാക്കി

**കൊച്ചി:** മാനവവിഭവശേഷി വികസന മന്ത്രാലയത്തിന്റെ സ്കീം ഫോർ പ്രൊമോഷൻ ഓഫ് അക്കാദമിക് ആൻഡ് റിസർച്ച് കോളാബോറേഷൻ പദ്ധതിയുടെ ഭാഗമായി കൊച്ചി ശാസ്ത്ര സാങ്കേതിക സർവകലാശാല പ്രധാന അന്തർ ദേശീയ ഗവേഷണ പദ്ധതി കരസ്ഥമാക്കി. 1.19 കോടി ബജറ്റിൽ നടപ്പാക്കുന്ന ഈ സംയുക്ത ഇന്ത്യ-കൊറിയ പദ്ധതി, സമുദ്ര ജീവികളിൽ നിന്നുള്ള ആന്റി മൈക്രോബിയൽ പെപ്റ്റൈഡുകളെയും അത്യാധുനിക ഫോട്ടോകാറ്റലിറ്റിക് നാനോ മെറ്റീരിയലുകളെയും സംയോജിപ്പിച്ച് ജലശുദ്ധീകരണത്തിനും ജലകൃഷിയിലെ രോഗ നിയന്ത്രണത്തിനും പുതിയ സാങ്കേതികവിദ്യ വികസിപ്പിക്കുകയാണ് ലക്ഷ്യമാക്കുന്നത്. മറൈൻബയോളജി, മൈക്രോബയോളജി ആൻഡ് ബയോകെമിസ്ട്രി വകുപ്പ് അസിസ്റ്റന്റ് പ്രൊഫസർ ഡോ. സ്വപ്ന പി. ആന്റണി പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവെസ്റ്റിഗേറ്ററായും ഇന്ത്യൻ ഗവേഷക സംഘത്തിന്റെ കോർഡിനേറ്ററും അതേ വകുപ്പിലെ പ്രൊഫസർ ഡോ. ടി.പി സജീവ് ഇന്ത്യൻ കോഇൻവെസ്റ്റിഗേറ്ററായും പ്രവർത്തിക്കും.

വിദേശ ഗവേഷക സംഘത്തെനയിക്കുന്നത് ദെഗുവിലെ ക്യൂങ് പുക്ക് നാഷണൽ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് എനർജി എൻജിനീയറിങ് പ്രൊഫസറും ഇൻഡസ്ട്രിയൽ ടെക്നോളജി റിസർച്ച് സെന്റർ ഡയറക്ടറുമായ പ്രൊഫ. ഹ്യുൻവൂങ്പാർക്ക് ആണ്. സിയോൾലിലെ യോൻസെ സർവകലാശാല അസോസിയേറ്റ് പ്രൊഫസറായ പ്രൊഫ. ഹ്യംഗ്-ഇൽകിം വിദേശ കോഇൻവെസ്റ്റിഗേറ്ററായി പ്രവർത്തിക്കും. പദ്ധതിവിജയകരമായി നടപ്പിലാകുന്നതോടെ ജലഗുണനിലവാരം ഉയർത്തൽ, ജലകൃഷിയിലെ രോഗബാധ കുറയ്ക്കൽ, ആന്റിബയോട്ടിക് ഉപയോഗം ഗണ്യമായി കുറയ്ക്കൽ എന്നിവയിൽ പ്രധാന മുന്നേറ്റങ്ങൾ പ്രതീക്ഷിക്കുന്നു. ഉയർന്ന നിലവാരത്തിലുള്ള വസ്തുശാസ്ത്രവും സമുദ്രജൈവ സാങ്കേതികവിദ്യയും ഏകോപിപ്പിക്കുന്ന ഈ ഇന്ത്യ-കൊറിയ ടജഅഞഇ സംയുക്തശ്രമം, പരിസ്ഥിതി സംരക്ഷണത്തിലും ജലകൃഷി ആരോഗ്യ നിർവ്വഹണത്തിലും പുതിയ വഴികൾ തുറക്കുന്ന ഒരു നിർണായക ഗവേഷണ ഇടപെടലാണ്.

ഭാരതീയ സർവകലാശാലകളും പ്രമുഖ അന്താരാഷ്ട്ര സ്ഥാപനങ്ങളും തമ്മിലുള്ള ഉയർന്ന നിലവാരത്തിലുള്ള ശാസ്ത്രീയ സഹകരണം വിപുലപ്പെടുത്തുകയും ഗവേഷണ പുരോഗതിയെ ശക്തിപ്പെടുത്തുകയും ചെയ്യുന്നതിനെയാണ് പദ്ധതി ലക്ഷ്യമിടുന്നത്. സംയുക്ത ഗവേഷണവും വിജ്ഞാന കൈമാറ്റവും പ്രോത്സാഹിപ്പിക്കുന്നതിലൂടെ രാജ്യത്തിന്റെ നവീനതാശേഷിയും ഗവേഷണ ഉൽപാദനശേഷിയും അന്താരാഷ്ട്ര അക്കാദമിക് പ്രതിഷ്ഠയും ഉയർത്തുന്നതിൽ ഈ പദ്ധതി നിർണ്ണായക പങ്കുവഹിക്കുന്നു.

സൊസൈറ്റി ടുഡേ
SOCIETY TODAY



# തൃപ്പൂണിത്തുറ മെട്രോറെയിൽവേ സ്റ്റേഷൻ എലിവേറ്റഡ് പാത: പദ്ധതി രേഖ അംബ്രല്ല പദ്ധതികളുടെ കൂട്ടത്തിൽ

**തൃപ്പൂണിത്തുറ:** തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷനെ മെട്രോ സ്റ്റേഷനുമായി ബന്ധിപ്പിച്ച് എലിവേറ്റഡ് പാത നിർമിക്കാനുള്ള പദ്ധതി രേഖ ദക്ഷിണ റെയിൽവേയുടെ അംബ്രല്ല പദ്ധതികളുടെ കൂട്ടത്തിൽ പരിഗണിക്കാൻ തിരുവനന്തപുരം ഡിവിഷനൽ റെയിൽവേ മാനേജർ ദിവ്യകാന്ത് ചന്ദ്രകാർ ശുപാർശ ചെയ്തതെന്ന് ഹൈബി ഈഡൻ എംപി. ഇതിനു വേണ്ട പൊതുവായ ക്രമീകരണ രൂപരേഖ കെഎംആർഎൽ തയാറാക്കി റെയിൽവേക്കു നൽകിയിട്ടുണ്ട്.

റെയിൽവേ ഭൂമിയിൽ ജോലികൾ നടത്താൻ റെയിൽവേ സമ്മതിച്ചിട്ടുണ്ടെന്നും എംപിക്കു ലഭിച്ച ഡിവിഷനൽ റെയിൽവേ മാനേജരുടെ കത്തിൽ പറയുന്നു. തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷനെ കൊച്ചി മെട്രോയുമായി ബന്ധിപ്പിക്കുന്നതിന് എലിവേറ്റഡ് പാത വേണമെന്ന് എംപി, കെഎംആർഎലിനോട് ആവശ്യപ്പെട്ടിരുന്നു.

അതേസമയം തൃപ്പൂണിത്തുറ റെയിൽവേ സ്റ്റേഷനിൽ നിന്നു പുറത്തു കടക്കാൻ യാത്രികർ ഉപയോഗിച്ചിരുന്ന സമാന്തര കവാടം അടച്ചത് വീണ്ടും തുറക്കുന്നതിനായി എംപി സമർപ്പിച്ചിരുന്ന നിവേദനം റെയിൽവേ അംഗീകരിച്ചില്ല. കവാടത്തിന് മുൻപ് ഔദ്യോഗിക അംഗീകാരം ലഭിച്ചിട്ടില്ലെന്നും ഇവിടെ ഒരു ഗേറ്റ് സ്ഥാപിക്കുന്നത് പ്രായോഗികമല്ലെന്നും ഡിവിഷനൽ റെയിൽവേ മാനേജർ നൽകിയ കത്തിലുണ്ട്.



# സ്റ്റെയിൻലെസ് സ്റ്റീൽ മെട്രോ കോച്ചുകൾ നിർമിക്കാൻ ബെമ്ൽ; 414 കോടി രൂപയുടെ അധിക ഓർഡർ

**കഞ്ചിക്കോട്:** ബെംഗളൂരു മെട്രോ റെയിലിന്റെ യെലോ ലൈൻ കോറിഡോറിൽ സ്റ്റെയിൻലെസ് സ്റ്റീൽ മെട്രോ കോച്ചുകൾ നിർമിക്കാൻ കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ കഞ്ചിക്കോട് ബെമ്ൽ പ്ലാന്റ് ഒരുങ്ങുന്നു. ഇതിനായി 414 കോടി രൂപയുടെ അധിക ഓർഡർ ബെമ്ലിനു ലഭിച്ചു. നേരത്തെ ലഭിച്ച ഓർഡറുകൾക്കൊപ്പമാണു പുതിയ ഓർഡർ. ഇതോടെ 66 ട്രെയിൻ സെറ്റുകളാണ് ബെംഗളൂരു മെട്രോ റെയിലിനായി ബെമ്ൽ നിർമിക്കുക. പൂർണമായി സ്റ്റെയിൻലെസ് സ്റ്റീൽ നിർമിതമായ ആറു കോച്ചുകളുള്ള ഈ ട്രെയിനുകളിൽ ആധുനിക എസി സംവിധാനങ്ങളും സുരക്ഷാ സവിശേഷതകളും ഉൾപ്പെടുത്തിയിട്ടുണ്ട്. 2023ൽ ബെമ്ലിനു ലഭിച്ച കരാറിന്റെ വിപുലീകരണമാണ് പുതിയ ഓർഡർ.

ഇതിന്റെ നിർമാണം കഞ്ചിക്കോട്ടെയും ബെംഗളൂരുവിലെയും പ്ലാന്റുകളിലായി ഉടൻ ആരംഭിക്കും. ബാംഗ്ലൂർ മെട്രോയുടെ ഈസ്റ്റ്‌വെസ്റ്റ് കോറിഡോർ എന്നറിയപ്പെടുന്ന യെലോ ലൈനിലെ മെട്രോ ട്രെയിനുകൾ ഐടി കമ്പനികളിൽ ജോലി ചെയ്യുന്നവർക്കാണ് ഏറ്റവും പ്രയോജനപ്പെടുക. ഇലക്ട്രോണിക് സിറ്റി, ബൊമ്മസാന്ദ്ര, എച്ച്എസ്ആർ ലേഔട്ട് തുടങ്ങി ഏറ്റവും കൂടുതൽ ഐടി കമ്പനികളും ക്യാംപസുകളുമുള്ള റൂട്ടിലൂടെയാണിത് കടന്നു പോവുന്നത്. ബൊമ്മസാന്ദ്രയ്ക്കും നഗരത്തിലെ ഏറ്റവും തിരക്കേറിയ സെൻട്രൽ സിൽക്ക് ബോർഡ് ഏരിയയ്ക്കും ഇടയിലുള്ള ഗതാഗതം മെച്ചപ്പെടുത്തുന്ന യെലോ ലൈനിൽ 16 സ്റ്റേഷനുകളാണ് ആകെയുള്ളത്. അത്യാധുനിക സൗകര്യങ്ങളോടെയാകും മെട്രോ റെയിൽ കോച്ചുകളുടെ നിർമാണം. ഇപ്പോൾ ലഭിച്ച ഈ ഓർഡർ കമ്പനിയുടെ സാങ്കേതിക ശേഷിയിലുള്ള വിശ്വാസത്തിന്റെ തെളിവാണെന്ന് ബെമ്ൽ ചെയർമാൻ ശാന്തനു റോയ് പറഞ്ഞു.

റെയിൽവേ ട്രാക്കുകളുടെ അറ്റകുറ്റപ്പണിക്കായി സ്വിച്ച് റെയിൽ ഗ്രൈൻഡിങ് മെഷീനുകളുടെ നിർമാണത്തിനായി 157 കോടി രൂപയുടെ ഓർഡറും ബെമ്ൽ സ്വന്തമാക്കി. കഞ്ചിക്കോട് ഉൾപ്പെടെയുള്ള പ്ലാന്റിലാകും നിർമാണം. ലോറാം റെയിൽ മെയ്ന്റനൻസ് ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡാണ് ബെമ്ലിനു ഓർഡർ നൽകിയത്. റെയിൽ സ്വിച്ചുകളും ക്രോസിങ്ങുകളും കൃത്യമായി ഗ്രൈന്റ് ചെയ്യാനാണ് മെഷീൻ ഉപയോഗിക്കുക. 15 സെറ്റ് മെഷീനുകളാണ് നിർമിക്കുക.

# ക്രിസ്മസ് ആഘോഷവും ജൂബിലി റാലിയും 27ന്

**ചങ്ങനാശേരി:** ഈശോയുടെ മനുഷ്യാവതാരത്തിന്റെ ജൂബിലി സമാപനമായി മീഡിയ വില്ലേജിന്റെ സഹകരണത്തോടെ ചങ്ങനാശേരി അതിരൂപത വ്യത്യസ്തമായ ക്രിസ്മസ് ആഘോഷം 27ന് സംഘടിപ്പിക്കുന്നു. കുടുംബ കൂട്ടായ്മ, ഫാമിലി അപ്പൊസ്തലേറ്റ്, യുവദീപ്തിഎസ്എംവൈഎം, സൺഡേ സ്കൂൾ എന്നീ സംഘടനകളുടെയും ചങ്ങനാശേരി, തുരുത്തി, തൃക്കൊടിത്താനം, കുറുമ്പനാടം ഫൊറോനകളുടെയും നേതൃത്വത്തിലാണ് ആഘോഷ പരിപാടികൾ.

27ന് വൈകുന്നേരം അഞ്ചിന് ആർച്ച്ബിഷപ് ഹൗസിൽനിന്ന് എസ്ബി കോളജിലേക്ക് മനുഷ്യാവതാര സന്ദേശയാത്ര നടത്തും. ഈശോയുടെ തിരുപ്പിറവിയെ ഓർമപ്പെടുത്തുന്ന വിവിധ വേഷവിധാനങ്ങളോടെ വിശ്വാസികൾ യാത്രയിൽ സംബന്ധിക്കുന്നുവെന്നത് ക്രിസ്മസ് ആഘോഷത്തെ വ്യത്യസ്തമാക്കും.

സന്ദേശയാത്രയുടെ ലോഗോ ആർച്ച്ബിഷപ്സ് ഹൗസിൽ നടന്ന ചടങ്ങിൽ ആർച്ച്ബിഷപ് മാർ തോമസ് തറയിൽ, വികാരി ജനറാൾ മോൺ. ആന്റണി എത്തയ്ക്കാട്ടിന് നൽകി പ്രകാശനം ചെയ്തു. മീഡിയ വില്ലേജ് എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ജോഫി പുതുപ്പറമ്പിൽ, ജോസുകുട്ടി കുട്ടംപേരൂർ എന്നിവർ പ്രസംഗിച്ചു.

വികാരി ജനറാൾ മോൺ. ജോൺ തെക്കേക്കര, വിവിധ ഡിപ്പാർട്ട്മെന്റ് ഡയറക്ടർമാരായ ഫാ. ബാബു പുത്തൻപുരയ്ക്കൽ, ഫാ. ജോർജ് മാന്തുരുത്തിയിൽ, ഫാ. സാവിയോ മാനാട്ട്, ഫാ. ലിബിൻ തുണ്ടുകുളം തുടങ്ങിയവർ സന്നിഹിതരായിരുന്നു.

# ജലമോഷണം തടയാൻ ആന്റി തെഫ്റ്റ് സ്ക്വാഡ് രൂപീകരിച്ചു

**കാസർകോട്:** ജില്ലാ വാട്ടർ അതോറിറ്റി കാസർകോട് പി എച്ച് ഡി ഡിവിഷന് കീഴിൽ മഞ്ചേശ്വരം, കാസർകോട്, ഹോസ്ദുർഗ്, വെള്ളരിക്കുണ്ട് താലൂക്കുകളിലെ അനധികൃത ജലമോഷണം തടയാൻ ആന്റി തെഫ്റ്റ് സ്കാഡ് രൂപീകരിച്ചു. മീറ്റർ ഘടിപ്പിക്കാതെ ലൈനുകളിൽ നിന്ന് വെള്ളം ഉപയോഗിക്കുക, മീറ്ററിൽ കൃത്രിമത്വം കാണിക്കുക, വിച്ഛേദിച്ച കണക്ഷനിൽ നിന്ന് വെള്ളം ഉപയോഗിക്കുക, അനുമതിയില്ലാതെ മീറ്റർ ഘടിപ്പിക്കുകയും മാറ്റുകയും ചെയ്യുക,മോട്ടോറോ ഹോസോ ഉപയോഗിച്ച് ലൈനിൽ നിന്ന് വെള്ളം നേരിട്ടു ഉപയോഗിക്കുക, പൊതുടാപ്പുകളിലെ വെള്ളം ദുരുപയോഗം ചെയ്യുക, ഒരു വീട്ടിൽ നിന്ന് വെള്ളം മറ്റ് സ്ഥലങ്ങളിലേക്ക് ഉപയോഗിക്കുക, എന്നീ കുറ്റകൃത്യങ്ങൾ തടയുന്നതിനാണ് ആന്റി തെഫ്റ്റ് സ്കാഡ് രൂപീകരിച്ചത്. കുറ്റകൃത്യങ്ങൾ പിടിക്കപ്പെട്ടാൽ പിഴ ഈടാക്കും. കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ കേരള വാട്ടർ അതോറിറ്റി അറിയിക്കുക.

# അർബുദ രോഗികൾക്ക് ക്ഷേമനിധി വിഹിതം അടച്ചില്ലെങ്കിലും പെൻഷൻ അനുവദിക്കും

**മലപ്പുറം:** അർബുദ രോഗികൾ ക്ഷേമനിധി വിഹിതം തുടർച്ചയായി അടക്കാതിരുന്നാലും പെൻഷൻ അനുവദിക്കാമെന്ന് അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് ക്ഷേമനിധി ബോർഡ് തീരുമാനിച്ചതായി ജില്ലാ ശിശുവികസന ഓഫീസർ മനുഷ്യാവകാശ കമ്മീഷനെ അറിയിച്ചു.

മന്പാട് പഞ്ചായത്തിലെ തെക്കുംപാടം അങ്കണവാടിയിൽ 1998 മുതൽ 2002 വരെ പ്രവർത്തിച്ച അങ്കണവാടി വർക്കർക്ക് ക്ഷേമനിധി വിഹിതം തുടർച്ചയായി അടക്കാത്ത സാഹചര്യത്തിൽ അർബുദരോഗിയാണെന്ന മാനുഷിക പരിഗണന നൽകി പെൻഷൻ ആനുകൂല്യങ്ങൾ അനുവദിച്ചതായി റിപ്പോർട്ടിൽ പറയുന്നു.

കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥിന്റെ നിർദേശ പ്രകാരം സമർപ്പിച്ച നടപടി റിപ്പോർട്ടിലാണ് ജില്ലാ ഓഫീസർ ഇക്കാര്യം അറിയിച്ചത്. യാതൊരു പെൻഷൻ ആനുകൂല്യവും ലഭിക്കാതെ മരുന്ന് വാങ്ങാൻ പോലും ബുദ്ധിമുട്ടുകയാണെന്ന് പരാതിപ്പെട്ട് വണ്ടൂർ കാപ്പിൽ സ്വദേശിനി സമർപ്പിച്ച പരാതിയിൽ അടിയന്തര നടപടി സ്വീകരിക്കാൻ കെ. ബൈജുനാഥ് നിർദേശം നൽകിയിരുന്നു.

2019-20 കാലയളവിൽ തുടർച്ചയായി ക്ഷേമനിധി വിഹിതം അടയ്ക്കാത്തത് കൊണ്ടാണ് പെൻഷൻ വിതരണം ചെയ്യാതിരുന്നതെന്ന് ജില്ലാ ഓഫീസർ കമ്മീഷനെ അറിയിച്ചു. അർബുദരോഗിയാണെന്ന് മനസിലാക്കിയതിനെ തുടർന്ന് രേഖകൾ സമർപ്പിക്കാൻ ആവശ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പെൻഷൻ അനുവദിച്ചതായി റിപ്പോർട്ടിൽ പറയുന്നു. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാതി തീർപ്പാക്കി.

# നിർമാണ തൊഴിലാളികൾക്കുള്ള പെൻഷൻ കൃത്യമായി നൽകണം: മനുഷ്യാവകാശ കമ്മീഷൻ

**കോഴിക്കോട്:** നിർമാണ തൊഴിലാളികൾക്കുള്ള പെൻഷൻ മറ്റ് ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്ന സമയപരിധിക്കുള്ളിൽ തന്നെ എല്ലാ മാസവും കൃത്യമായി വിതരണം ചെയ്യാൻ സ്ഥിരം സംവിധാനം ഒരുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ജുഡീഷ്യൽ അംഗം കെ. ബൈജുനാഥ്.

കുടിശിക തുക അടിയന്തരമായി അനുവദിക്കുന്നതിന് കർമ്മ പദ്ധതി തയ്യാറാക്കി നടപ്പിലാക്കണമെന്നും കമ്മീഷൻ നിർദ്ദേശിച്ചു. മറ്റ് ക്ഷേമപെൻഷനുകളെല്ലാം കുടിശിക തീർത്ത് വിതരണം ചെയ്യുന്നുണ്ടെങ്കിലും കെട്ടിടനിർമ്മാണ ക്ഷേമനിധി മാത്രം കൃത്യമായി വിതരണം ചെയ്യുന്നില്ലെന്ന് ആരോപിച്ച് സമർപ്പിച്ച പരാതിയിലാണ് ഉത്തരവ്. 38750 ഓളം വരുന്ന നിർമ്മാണ ക്ഷേമനിധി പെൻഷൻകാർ ദുരിതത്തിലാണെന്നും പരാതിയിൽ പറയുന്നു.

കേരള കെട്ടിട നിർമ്മാണ ക്ഷേമനിധി ബോർഡ് കോഴിക്കോട് ജില്ലാ ഓഫീസർ സമർപ്പിച്ച റിപ്പോർട്ടിൽ, ഇവിടെ 2024 മെയ് മുതൽ പെൻഷൻ കുടിശികയാണെന്ന് പറയുന്നു. ബോർഡിൻറെ സാമ്പത്തികസ്ഥിതി മോശമാണ്.

തൊഴിൽ വകുപ്പ് പിരിച്ചിരുന്ന ബിൽഡിംഗ് സെസിൽ നിന്നുമാണ് പെൻഷൻ നൽകുന്നത്. 2024 ഫെബ്രുവരി 14 മുതൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന ക്ഷേമനിധി പിരിക്കാൻ തീരുമാനിച്ചു. ഇത് കാര്യക്ഷമമായാൽ ബോർഡിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടും. തുടർന്ന് കൃത്യമായി പെൻഷൻ വിതരണം ചെയ്യാൻ സാധിക്കുമെന്നും റിപ്പോർട്ടിൽ പറയുന്നു.

# ബിരുദ സർട്ടിഫിക്കറ്റ് വിതരണം നടത്തി

**മീനങ്ങാടി:** ജാക്കോബൈറ്റ് എഡ്യുക്കേഷൻ ആൻഡ് ചാരിറ്റബിൾ സൊസൈറ്റിക്കു കീഴിൽ പ്രവർത്തിക്കുന്ന യെൽദോ മോർ ബസേലിയോസ് കോളജിൽ ബിരുദ സർട്ടിഫിക്കറ്റ് വിതരണം നടത്തി. 40 ഓളം വിദ്യാർഥികൾ സർട്ടിഫിക്കറ്റ് സ്വീകരിച്ചു. ചടങ്ങിൽ അധ്യക്ഷത വഹിച്ച മലബാർ ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മോർ സ്തേഫാനോസ് അനുഗ്രഹപ്രഭാഷണം നടത്തി.

കാലിക്കട്ട് യൂണിവേഴ്സിറ്റി സിൻഡിക്കറ്റ് അംഗം പ്രഫ.പി. സുശാന്ത് ബിരുദദാന പ്രഭാഷണവും ജെക്സ് സെക്രട്ടറി പ്രഫ.കെ.പി. തോമസ് മുഖ്യപ്രഭാഷണവും നടത്തി. കാലിക്കട്ട് യൂണിവേഴ്സിറ്റി സെനറ്റ് അംഗം പ്രഫ.സോബിൻ വർഗീസ്, ജെക്സ് ട്രഷറർ സിജോ മാത്യു എന്നിവർ പ്രസംഗിച്ചു.

ജില്ലയിലെ വിവിധ ഹയർ സെക്കൻഡറി സ്കൂളുകളിൽ കോളജിലെ വിദ്യാർഥികൾ നടത്തുന്ന ലഹരി വിരുദ്ധ പ്രചാരണ ജാഥയുടെ പതാക ജില്ലാ എക്സൈസ് കമ്മീഷണർ എ.ജെ. ഷാജി വിദ്യാർഥി പ്രതിനിധി ടി.കെ. സാധനയ്ക്ക് കൈമാറി. പ്രിൻസിപ്പൽ ഡോ.പി.സി. റോയ് അക്കാദമിക് കോ ഓർഡിനേറ്റർ കെ.ബി. അനു എന്നിവർ സംസാരിച്ചു.

## ചലച്ചിത്രോത്സവം: ഹരിതചട്ടം പൂർണമായും പാലിക്കും

**തിരുവനന്തപുരം:** ഈ മാസം 12 ന് തിരുവനന്തപുരത്ത് ആരംഭിക്കുന്ന അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിന്റെ സംഘാടനം സമ്പൂർണ്ണ ഹരിതചട്ടം പാലിച്ചായിരിക്കും. ചലച്ചിത്ര അക്കാദമിയുടെയും ശുചിത്വമിഷന്റെയും ചുമതലക്കാർ പങ്കെടുത്തു നടത്തിയ മീറ്റിങ്ങിലാണ് തീരുമാനം കൈക്കൊണ്ടത്.തിയേറ്ററുകളിലും, പരിസരങ്ങളിലും മാലിന്യം കുന്നുകൂടുന്നത് ഒഴിവാക്കാൻ ഒറ്റത്തവണ ഉപയോഗിച്ച് ഉപേക്ഷിക്കുന്ന പേപ്പർ, തെർമോക്കോൾ പാത്രങ്ങളും, കപ്പുകളും പരിപൂർണ്ണമായി ഒഴിവാക്കും. മേളയിൽ പങ്കെടുക്കുന്നവരും പ്ലാസ്റ്റിക് കുടിവെള്ളക്കുപ്പികളും മറ്റും ഒഴിവാക്കണം. പതിവുപോലെതന്നെ, ഡെലിഗേറ്റുകൾക്ക് വിതരണം ചെയ്യുന്ന കിറ്റ് തുണി സഞ്ചിയിലാണ് വിതരണം ചെയ്യുന്നത്.

നിലവിൽ വിവിധയിടങ്ങളിലായി നടന്നുകൊണ്ടിരിക്കുന്ന ആസൂത്രണപ്രവർത്തനങ്ങൾ, വോളണ്ടിയർമാരുടെ ട്രെയിനിങ് എന്നിവിടങ്ങളിൽ ഡിസ്പോസിബിൾ കപ്പുകൾക്ക് പകരം കഴുകി പുനരപയോഗിക്കാവുന്ന ഗ്ലാസുകളാണ് ഉപയോഗിച്ചുപോരുന്നതെന്ന് അക്കാദമി സെക്രട്ടറി സി. അജോയ് അറിയിച്ചു.മേള തുടങ്ങുമ്പോൾ എല്ലാ തിയറ്ററുകളിലും മാലിന്യം തരംതിരിച്ച് ഇടുന്നതിനുള്ള ബിന്നുകൾ സജ്ജീകരിക്കും. തീയറ്ററുകൾക്കുള്ളിൽ പ്രവർത്തിക്കുന്ന സ്റ്റാളുകൾ ഹരിതചട്ടം നിർബന്ധമായി പാലിക്കണമെന്ന നിർദ്ദേശവും ഇതിനോടകം നൽകിയിട്ടുണ്ട്. നഗരസഭയുടെയും, ശുചിത്വമിഷന്റെയും സഹകരണത്തോടെ വിവിധ വേദികളിൽ മാലിന്യനീക്കം സുഗമമാക്കുന്നതിലേക്കുള്ള ചർച്ചകൾ പുരോഗമിക്കുകയാണ്. ഹരിതകർമ്മ സേന, ഗ്രീൻ വോളണ്ടിയർമാർ എന്നിവരുടെ സേവനവും വിവിധ വേദികളിൽ ലഭ്യമാക്കുന്നതിലേക്കുള്ള നടപടികളും സ്വീകരിക്കും. നഗരസഭയും ജില്ലാ ശുചിത്വമിഷനും ഇതുസംബന്ധിച്ച പ്രാരംഭഘട്ട പ്രവർത്തനങ്ങൾ അക്കാദമിയുമായി ചേർന്ന് ആരംഭിച്ചു കഴിഞ്ഞു. മേളയുടെ ഭാഗമായുണ്ടാകുന്ന കാർബൺ എമിഷൻ കഴിയുന്നത്ര കുറയ്ക്കുന്നതു സംബന്ധിച്ച വിലയിരുത്തൽ നടത്തുന്നതിനും ഇത്തവണ സംവിധാനമുണ്ടാക്കും.



# ഹോളിഗ്രേസിൽ ഹോളിഫെയർ ഫിയസ്റ്റ തുടങ്ങി

**മാള:** ഹോളിഗ്രേസ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻസിൽ ഹോളി ഫെയർ ഫിയസ്റ്റ തുടങ്ങി. എംബിഎ കോളജിന്റെ വാർഷികാഘോഷമായ ലഗാഡോ, ആർട്സ് കോളജിന്റെ വാർഷികാഘോഷമായ സ്പെക്ട്രം ഇവയുടെ ഉദ്ഘാടനം ബി ടു എൻ കൺസൾട്ടൻസിയുടെ പ്രസിഡൻറും ബിനാനി സിംഗ് ലിമിറ്റഡിന്റെ മുൻ ജനറൽ മാനേജരുമായ എം. എസ്. ശ്രീകുമാർ മഠത്തിൽ നിർവഹിച്ചു. ഹോളിഗ്രേസ് ഗ്രൂപ്പ് ഓഫ് ഇൻസ്റ്റിറ്റ്യൂഷൻ ചെയർമാൻ സാനി എടാട്ടുകാരൻ അധ്യക്ഷത വഹിച്ചു.

ഹോളി ഗ്രേസ് അക്കാദമി ചെയർമാൻ ബെന്നി ജോൺ ഐനിക്കൽ, എംബിഎ കോളജ് ചെയർമാൻ വക്കച്ചൻ താക്കോൽക്കാരൻ, ലഗാഡോ കോഓർഡിനേറ്റർ പ്രഫ. നിർമൽ എബ്രഹാം എന്നിവർ ആശംസകൾ അർപ്പിച്ചു. എം ബി എ കോളജ് അക്കാദമിക് ഡയറക്ടർ ഡോ. ജിയോ ബേബി സ്വാഗതവും ആർട്സ് കോളജ് പ്രിൻസിപ്പൽ ഡോ. സുരേഷ് ബാബു നന്ദിയും പറഞ്ഞു.

കേരളത്തിനകത്തുനിന്നും മറ്റു സംസ്ഥാനങ്ങളിൽ നിന്നും 500ൽ പരം വിദ്യാർഥികൾ പങ്കെടുത്ത നിരവധി മത്സരങ്ങൾ നടന്നു. മത്സരത്തിൽ വിജയികളായവർക്ക് രണ്ടര ലക്ഷത്തിലധികം തുകയുടെ സമ്മാനങ്ങൾ വിതരണം ചെയ്തു. വൈകിട്ട് നടന്ന സമാപനച്ചടങ്ങിൽ നടനും അഡ്വർടൈസിംഗ് മേഖലയിലെ പ്രതിഭയുമായ സിജോയ് വർഗീസ് മുഖ്യാതിഥിയായിരുന്നു. കേരളത്തിലെ വിവിധ കോളജുകളിലെ വിദ്യാർഥികൾ പങ്കെടുത്ത ഫാഷൻഷോ മനോഹരമായിരുന്നു.

# ബിനാലെ വേദികളിൽ ശുചീകരണ പ്രവർത്തനങ്ങളുമായി സംസ്ഥാന സാമൂഹിക സന്നദ്ധ സേന

**കൊച്ചി:** സംസ്ഥാന സാമൂഹിക സന്നദ്ധസേനാ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ സന്നദ്ധ പ്രവർത്തകർ പശ്ചിമകൊച്ചിയിലെ 20 ഓളം ബിനാലെ വേദികളിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി. എറണാകുളം ജില്ലയിൽ നിന്നുള്ള മൂന്ന് കോളേജുകളിൽ നിന്നുള്ള 140 വിദ്യാർത്ഥികളാണ് ഇതിൽ പങ്കെടുത്തത്. സെന്റ്. തേരേസാസ് കോളേജ്, സേക്രഡ് ഹാർട്ട് കോളേജ് തേവര, കൊച്ചിൻ കോളേജ് എന്നിവിടങ്ങളിൽ നിന്നാണ് വിദ്യാർത്ഥികൾ പങ്കെടുത്തത്.



ബിനാലെ വേദി സന്ദർശിച്ച എറണാകുളം ജില്ല കലക്ടർ ജി. പ്രിയങ്ക ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയ വിദ്യാർഥികളുമായി ആശയവിനിമയം നടത്തി. കൊച്ചി മുസിരിസ് ബിനാലെ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി, ബിനാലെ ട്രസ്റ്റി അംഗം ബോണി തോമസ് തുടങ്ങിയവർ വിദ്യാർത്ഥികളുമായി സംസാരിച്ചു. 2020 ലാണ് സംസ്ഥാന സർക്കാർ സാമൂഹിക സന്നദ്ധ സേനാ ഡയറക്ടറേറ്റിന് രൂപം നൽകിയത്. അത്യാവശ്യഘട്ടങ്ങളിൽ അടിയന്തരാവശ്യങ്ങൾക്ക് സേവനം നൽകാനുള്ള പരിശീലനം യുവജനതയ്ക്ക് നൽകുകയും സന്നദ്ധ പ്രവർത്തനങ്ങൾക്ക് പ്രേരണ നൽകുകയുമാണ് ഇതിന്റെ ലക്ഷ്യമെന്ന് സംസ്ഥാന പ്രൊജക്ട് കോ-ഓർഡിനേറ്റർ ആര്യ അനിൽ പറഞ്ഞു.

ശുചീകരണ പ്രവർത്തനങ്ങൾക്കൊപ്പം ഒരു ആർട്ട് സ്പെയ്സ് രൂപപ്പെട്ട് വരുന്നതെങ്ങനെയെന്ന് നേരിട്ട് കാണാൻ പറ്റിയെന്ന് ബിനാലെ വേദിയായ പെപ്പർ ഹൗസിലെ ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കെടുത്ത തേവര സേക്രഡ് ഹാർട്ട് കോളേജിലെ രണ്ടാം വർഷം ബോട്ടണി വിദ്യാർഥിനിയായ എൽസ മറിയം എബ്രഹാം പറഞ്ഞു. ശുചീകരണ പ്രവർത്തനങ്ങൾക്കൊപ്പം ജില്ലാകളക്ടറുമായി സംസാരിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം ലഭിച്ചത് മികച്ച അനുഭവമായെന്ന് സെന്റ്. തെരേസാസ് കോളേജിലെ ഗ്രീൻ പ്രോട്ടോക്കോൾ മേധാവിയും കമ്പ്യൂട്ടർ സയൻസ് അധ്യാപികയുമായ ജനീന ഷാജു പറഞ്ഞു.

ഗോവയിലെ എച് എച് ആർട്ട് സ്പേസുമായി ചേർന്ന് പ്രശസ്ത കലാകാരൻ നിഖിൽ ചോപ്രയാണ് കൊച്ചി ബിനാലെ ആറാം ലക്കം ക്യൂറേറ്റ് ചെയ്യുന്നത്. ഡിസംബർ 12 ന് ആരംഭിച്ച് 110 ദിവസത്തെ പ്രദർശനത്തിന് ശേഷം മാർച്ച് 31 ന് ബിനാലെ അവസാനിക്കും. ഫോർ ദി ടൈം ബീയിംഗ് എന്ന പ്രമേയത്തിൽ നടക്കുന്ന ആറാം ലക്കത്തിൽ 22 ബിനാലെ വേദികളും 7 കൊളാറ്ററൽ വേദികളുമാണ് ഉള്ളത്.ഫോർട്ട്കൊച്ചി, മട്ടാഞ്ചേരി എന്നിവിടങ്ങളിലെ വേദികൾ സന്ദർശിച്ച കളക്ടർ കൊച്ചി ബിനാലെ ഫൗണ്ടേഷൻ അധികൃതരുമായി ആശയവിനിമയം നടത്തി.

ഏഷ്യയിലെ ഏറ്റവും വലിയ സമകാലീന കലാമേളകളിലൊന്നായ കൊച്ചി മുസിരിസ് ബിനാലയ്ക്ക് ആതിഥേയത്വം വഹിക്കുന്നത് ജില്ലയ്ക്ക് അഭിമാനകരമാണെന്ന് കളക്ടർ പറഞ്ഞു. മേളയുടെ സുഗമമായ നടത്തിപ്പിന് ജില്ലാഭരണ കൂടത്തിന്റെ എല്ലാ സഹായസഹകരണങ്ങളും കളക്ടർ വാഗ്ദാനം ചെയ്തു.



# മിഡ്നൈറ്റ് കാർണിവൽ ആരംഭിച്ച് എം.ജി മോട്ടോർ

**കൊച്ചി:** മുഴുവൻ വാഹന ശ്രേണിയിലും രാജ്യവ്യാപകമായി 'മിഡ്നൈറ്റ് കാർണിവൽ' ക്യാമ്പയിൻ ആരംഭിച്ച് ജെ.എസ്.ഡബ്ല്യു എം.ജി മോട്ടോർ ഇന്ത്യ. മൂന്ന് ദിവസങ്ങൾ നീണ്ടു നിൽക്കുന്ന കാർണിവൽ ഞായറാഴ്ച സമാപിക്കും. ഈ കാലവളവിൽ എല്ലാ എംജി ഷോറൂമുകളും അർധരാത്രി വരെ തുറന്നിരിക്കും. കാർണിവലിന്റെ ഭാഗമായി ഉപഭോക്താക്കൾക്ക് നിരവധി ഓഫറുകളും കമ്പനി വാഗ്ദാനം ചെയ്യുന്നു. മിഡ്നൈറ്റ് കാർണിവലിന്റെ ഭാഗമായി, ഉപഭോക്താക്കൾക്ക് ലണ്ടനിലേക്ക് സ്വപ്ന യാത്ര നേടാനുള്ള അവസരവുമുണ്ട്. വിദേശത്ത് മൂന്നു ദിവസവും രണ്ടു രാത്രിയും ചെലവഴിക്കാനുള്ള അവധിക്കാല വൗച്ചറുകൾ, സ്ക്രാച്ച് ആന്റ് വിൻ ഓഫറിലൂടെ ഗാഡ്ജെറ്റുകൾ, ലൈഫ്സ്റ്റൈൽ സാമഗ്രികൾ എന്നിവയുൾപ്പെടെ 11 കോടി രൂപയുടെ ഉറപ്പായ സമ്മാനങ്ങളാണ് എം.ജി ഉപഭോക്താക്കൾക്കായി ഒരുക്കിവെച്ചിരിക്കുന്നത്. കൂടാതെ മൂന്ന് മാസത്തെ ഇഎംഐ ഹോളിഡേ, 100 ശതമാനം ഓൺ റോഡ് ലോൺ എന്നിവ ഉൾപ്പെടെയുള്ള ആകർഷകമായ സാമ്പത്തിക നേട്ടങ്ങളും ഉപഭോക്താക്കൾക്ക് ലഭിക്കും. എക്സ്ക്ലൂസീവ് മിഡ്നൈറ്റ് ഡ്രൈവും കാർണിവലിന്റെ ഭാഗമായി എം.ജി വാഗ്ദാനം ചെയ്യുന്നു.
ഉപഭോക്താക്കൾ ഈ വർഷം തങ്ങളുടെ ബ്രാൻഡിൽ അർപ്പിച്ച സ്നേഹത്തിനും ആത്മവിശ്വാസത്തിനുമുള്ള കമ്പനിയുടെ സ്നേഹ സമ്മാനമാണ് മിഡ്നൈറ്റ് കാർണിവലിലൂടെ നൽകുന്നതെന്ന് ജെഎസ്ഡബ്ല്യു എംജി മോട്ടോർ ഇന്ത്യ ചീഫ് കൊമേഴ്സ്യൽ ഓഫീസർ വിനയ് റെയ്ന പറഞ്ഞു.




# എക്സ്ക്വിസിറ്റ് ഗ്രേഡ് ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു ലെക്സസ് ഇന്ത്യ

**കൊച്ചി :** ജപ്പാനീസ് നിർമ്മാതാക്കളായ ടൊയോട്ടയുടെ ആഡംബര ബ്രാൻഡായ ലെക്സസിൽ ആർഎക്സ് 350 എച്ച് നിരയിലേക്ക് പുതിയ എസ്.യുവിയായ എക്സ്ക്വിസിറ്റ് ഗ്രേഡ് ഇന്ത്യൻ വിപണിയിൽ അവതരിപ്പിച്ചു.
89.99 ലക്ഷം രൂപ മുതൽ വിലയുള്ള (എക്സ് ഷോറൂം) ഈ പുതിയ വേരിയന്റ് ഹൈബ്രിഡോട് കൂടിയ 2.5 ലിറ്റർ നാല് സിലിണ്ടർ പെട്രോൾ എൻജിൻ ആണ് വാഗ്ദാനം ചെയ്യുന്നത്. എട്ട് സ്പീഡ് ഇസിവിടി യൂണിറ്റുമായി ജോടിയാക്കിയ എൻജിൻ 190 ബിഎച്ച്പിയും 242 എൻഎം ടോർക്കുമാണ് പവറായി പുറപ്പെടുവിക്കുന്നത്. അകത്തളത്തിൽ വിശാലമായ കാബിൻ, ഇലക്ട്രിക് പവർ ഉപയോഗിച്ച് ക്രമീകരിക്കാവുന്ന സീറ്റുകൾ, ആംബിയന്റ് ലൈറ്റിങ് അടക്കം ആഡംബര സുഖസൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. 21സ്പീക്കർ മാർക്ക് ലെവിൻസൺ സൗണ്ട് സിസ്റ്റം, ബ്ലൈൻഡ്സ്പോട്ട് മോണിറ്റർ, ക്രോസ്ട്രാഫിക് അലർട്ട് തുടങ്ങിയ പ്രീമിയം സവിശേഷതകളും ഇത് വാഗ്ദാനം ചെയ്യുന്നു. എട്ട് വർഷത്തെ വാഹന വാറണ്ടിയും അഞ്ച് വർഷത്തെ റോഡ്സൈഡ് അസിസ്റ്റൻസും ഈ മോഡലിന് കമ്പനി വാഗ്ദാനം ചെയ്യുന്നുണ്ട്.

# ഏഥർ ഇലക്ട്രിക് ഡിസംബർ പ്രഖ്യാപിച്ചു

**കൊച്ചി:** ഇന്ത്യയിലെ മുൻനിര വൈദ്യുത ഇരുചക്ര വാഹന നിർമ്മാതാക്കളിലൊന്നായ ഏഥർ എനർജി, ക്യാഷ് ഡിസ്കൗണ്ടുകൾ, ഇ.എം.ഐ. ഓഫറുകൾ, വിപുലീകൃത ബാറ്ററി വാറന്റി ഓപ്ഷനുകൾ എന്നിവ വാഗ്ദാനം ചെയ്യുന്ന ഏഥർ ഇലക്ട്രിക് ഡിസംബർ പ്രഖ്യാപിച്ചു. സംരംഭത്തിന്റെ ഭാഗമായി, ബാംഗ്ലൂർ, ചെന്നൈ, ഹൈദരാബാദ് തുടങ്ങിയ നഗരങ്ങൾ ഉൾപ്പെടെ ദക്ഷിണേന്ത്യയിലുടനീളം, ഉപഭോക്താക്കൾക്ക് 20,000 രൂപ വരെയുള്ള ആനുകൂല്യങ്ങൾ ലഭിക്കും, ഇതിൽ 10,000 രൂപ വരെയുള്ള ക്രെഡിറ്റ് കാർഡ് ഇ.എം.ഐ.കളിൽ തൽക്ഷണ കിഴിവ്, 5,000 രൂപ വിലയുള്ള സൗജന്യ 8 വർഷത്തെ ബാറ്ററി വാറന്റി, 5,000 രൂപ അധിക ക്യാഷ് ഡിസ്കൗണ്ട് എന്നിവ ഉൾപ്പെടുന്നു.
ആക്സിസ് ബാങ്ക്, എച്ച്.ഡി.എഫ്.സി. ബാങ്ക്, ഐ.ഡി.എഫ്.സി. ഫസ്റ്റ് ബാങ്ക്, വൺകാർഡ്, ഫെഡറൽ ബാങ്ക്, ബാങ്ക് ഓഫ് ബറോഡ, സ്കാപിയ, കാനറ ബാങ്ക്, കൊട്ടക് മഹീന്ദ്ര ബാങ്ക്, യെസ് ബാങ്ക്, ആർ.ബി.എൽ. ബാങ്ക് എന്നിവയുടെ കാർഡ് ഉടമകൾക്ക് ഓഫറുകൾ ലഭ്യമാണ്. 4,999 രൂപ മൂല്യമുള്ള 8 വർഷത്തെ എക്സ്റ്റൻഡഡ് ബാറ്ററി വാറന്റിയായ 'Eight70™' വെറും ഒരു രൂപയ്ക്ക് ഏഥർ വാഗ്ദാനം ചെയ്യുന്നുവെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.



# ഫ്യൂച്ചർ കേരള മിഷന്റെ കുളവാഴ നിയന്ത്രണ പദ്ധതിക്ക് എംപെഡയുടെ പിന്തുണ

**കൊച്ചി:** ജലാശയങ്ങളിലെ കുളവാഴ ശല്യം നേരിടുന്നതിനായുള്ള ഫ്യൂച്ചർ കേരള മിഷന്റെ ശ്രമങ്ങൾക്ക് മറൈൻ പ്രൊഡക്ട്സ് എക്സ്പോർട്ട് ഡെവലപ്മെന്റ് അതോറിറ്റിയുടെ (എംപെഡ) പിന്തുണ. കേരളത്തിലെ ജലാശയങ്ങളിൽ വലിയ വെല്ലുവിളിയായി മാറിയ കുളവാഴകളെ ശാസ്ത്രീയമായി ഉപയോഗിച്ച് വിവിധ മൂല്യവർധിത ഉൽപ്പന്നങ്ങളാക്കി മാറ്റാനുള്ള മാർഗങ്ങൾ യാഥാർത്ഥ്യമാക്കുകയാണ് ലക്ഷ്യം. കൊച്ചിയിലെ എംപെഡ ആസ്ഥാനത്ത് ചെയർമാൻ ഡോ. ഡി. വി. സ്വാമിയുടെ നേതൃത്വത്തിൽ നടന്ന ഉന്നത തല യോഗത്തിന്റേതാണ് തീരുമാനം. ജല ആവാസവ്യവസ്ഥയെ മെച്ചപ്പെടുത്തുന്നതിനും ബ്ലൂ ഇക്കോണമി പ്രോത്സാഹിപ്പിക്കുന്നതിനും ഗവേഷണത്തിലൂന്നിയ ഇത്തരം നൂതന ആശയങ്ങളും ഇടപെടലുകളും അനിവാര്യമാണെന്ന് അദ്ദേഹം പറഞ്ഞു.
കുളവാഴയിൽ നിന്ന് ലളിതമായ ഗ്രാമീണ സാങ്കേതിക വിദ്യകളിലൂടെ ഉൽപ്പന്നങ്ങൾ നിർമ്മിക്കാനുള്ള സാധ്യതകളാണ് ഫ്യൂച്ചർ കേരള മിഷൻ മുന്നോട്ടുവെച്ചത്. ഇത് ജലാശയങ്ങൾക്ക് സമീപം താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്കും സാധാരണക്കാർക്കും പുതിയ തൊഴിലവസരങ്ങളും വരുമാന മാർഗ്ഗങ്ങളും തുറന്നുനൽകും. ഇത്തരത്തിൽ മത്സ്യത്തൊഴിലാളി സമൂഹത്തെ ശാക്തീകരിക്കുന്നതിനൊപ്പം പാരിസ്ഥിതിക പ്രശ്നങ്ങൾ കൂടി പരിഹരിക്കുന്ന സഹകരണ മാതൃകകൾക്ക് വേണ്ട സാങ്കേതിക സഹായങ്ങളും പിന്തുണയും നൽകാൻ എംപെഡ തയ്യാറാണെന്ന് ഡോ. ഡി. വി. സ്വാമി വ്യക്തമാക്കി. ശാസ്ത്രീയ ഗവേഷണങ്ങളെ കേരളത്തിലെ പ്രായോഗിക സാഹചര്യങ്ങളുമായി ബന്ധിപ്പിക്കുകയാണ് ഫ്യൂച്ചർ കേരള മിഷന്റെ ലക്ഷ്യമെന്ന് ചെയർമാൻ വേണു രാജാമണി പറഞ്ഞു. ജനപങ്കാളിത്തവും സാങ്കേതികവിദ്യയും ഉപയോഗിച്ച് കൂട്ടായ പ്രവർത്തനങ്ങളിലൂടെ കുളവാഴയെ ഉപയോഗപ്രദമായ ഉൽപ്പന്നങ്ങളാക്കി മാറ്റാൻ സാധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. പദ്ധതിയുടെ തുടർനടപടികൾക്കായി നെറ്റ്ഫിഷ്, ഫ്യൂച്ചർ കേരള മിഷൻ എന്നിവയുടെ നേതൃത്വത്തിൽ ഒരു സംയുക്ത പ്രവർത്തന സംവിധാനം (വർക്കിംഗ് ഗ്രൂപ്പ്) രൂപീകരിക്കും. മൽസ്യത്തൊഴിലാളികൾക്കും പിന്നോക്ക വിഭാഗങ്ങൾക്കുമായുള്ള സാമൂഹിക പരിശീലന പരിപാടികളും പൈലറ്റ് പ്രോജക്റ്റുകളും ഈ സമിതിയുടെ നേതൃത്വത്തിൽ നടപ്പിലാക്കാനും യോഗത്തിൽ ധാരണയായി. ഫ്യൂച്ചർ കേരള മിഷൻ ശാസ്ത്ര ഉപദേഷ്ടാവ് പ്രൊഫ. ഡോ. ജി. നാഗേന്ദ്ര പ്രഭു, കൊച്ചി ജെയിൻ യൂണിവേഴ്സിറ്റി അധ്യാപകർ , എംപെഡ, നെറ്റ്ഫിഷ്, ഐസിഎആർസിഫ്റ്റ് എന്നിവിടങ്ങളിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു.






# ഷവോമി ഇന്ത്യ റെഡ്മി 15സി 5ജി അവതരിപ്പിച്ചു

**കൊച്ചി:** ഷവോമി ഇന്ത്യയിൽ പുതിയൊരു സ്മാർട്ട്ഫോൺ പുറത്തിറക്കി, റെഡ്മി 15സി 5ജി. താങ്ങാനാവുന്ന വിലയിൽ ലഭ്യമാകുന്ന ഈ 5ജി ഹാൻഡ്സെറ്റിൽ 6000എംഎഎച്ച് ബാറ്ററിയും 6.9 ഇഞ്ച് ഡിസ്പ്ലേയും ഉണ്ട്, കൂടാതെ മീഡിയടെക് ഡൈമെൻസിറ്റി 6300 ചിപ്സെറ്റും ഇതിൽ പ്രവർത്തിക്കുന്നു. 8ജിബി റാമും 8ജിബി വെർച്വൽ റാമും ഇതിൽ ഉൾപ്പെടുന്നു.
റെഡ്മി 15സി 5ജി യുടെ 4ജിബി പ്ലസ് 128ജിബി മോഡലിന് 12,499 മുതൽ ആരംഭിക്കുന്നു. 6ജിബി പ്ലസ് 128ജിബി മോഡലിന് 13,999 ആണ് വില. 8ജിബി പ്ലസ് 128ജിബി മോഡലിനൊപ്പം വരുന്ന ടോപ്പ്എൻഡ് വേരിയന്റിന് 15,499 ആണ് വില. ഒറ്റ ചാർജിൽ രണ്ട് ദിവസത്തിൽ കൂടുതൽ ഇത് നിലനിൽക്കുമെന്ന് കമ്പനി അവകാശപ്പെടുന്നു.
ഡിസംബർ 11 മുതൽ ആമസോണിൽ, ഷവോമിയുടെ ഔദ്യോഗിക പോർട്ടൽ, ഷവോമി റീട്ടെയിൽ എന്നിവ വഴി ഹാൻഡ്സെറ്റ് വാങ്ങാൻ ലഭ്യമാകും. റെഡ്മി 15സി 5ജി മൂന്ന് നിറങ്ങളിൽ ലഭ്യമാണ്. ഡസ്ക് പർപ്പിൾ, മൂൺലൈൻ ബ്ലൂ, മിഡ്നൈറ്റ് ബ്ലാക്ക്. രണ്ട് വർഷത്തെ സോഫ്റ്റ്‌വെയർ അപ്ഡേറ്റുകളും നാല് വർഷത്തെ സുരക്ഷാ അപ്ഡേറ്റുകളും കമ്പനി വാഗ്ദാനം ചെയ്തിട്ടുണ്ട്




# സി എസ് ആർ പ്രതിബദ്ധതയ്ക്കുള്ള മഹാത്മാ പുരസ്ക്കാരം യുഎസ്ടിക്ക്

**തിരുവനന്തപുരം:** ഡിജിറ്റൽ പരിവർത്തനം, സാമൂഹിക സ്വാധീനം എന്നിവയ്ക്കുള്ള 2025 ലെ മഹാത്മാ അവാർഡ് തുടർച്ചയായ നാലാം വർഷവും മുൻനിര എ ഐ, ടെക്നോളജി ട്രാൻസ്ഫോർമേഷൻ സൊല്യൂഷൻസ് കമ്പനിയായ യു എസ് ടി നേടി. ഇന്ത്യയിലെ ഏറ്റവും പ്രമുഖ സി എസ് ആർ അവാർഡാണിത്. സി എസ് ആർ സംരംഭങ്ങളിലൂടെ വലിയ തോതിലുള്ള സാമൂഹിക സ്വാധീനം ചെലുത്തുന്നതിനുള്ള യു എസ് ടി യുടെ ദീർഘകാല പ്രതിബദ്ധതയെ ഈ വിജയം അടിവരയിടുന്നു.

സാമൂഹിക ഉന്നമനത്തിനായുള്ള സംഭാവനകൾ നൽകുന്ന വ്യക്തികളെയും സംഘടനകളെയും ആദരിക്കുന്നതിനും, രാഷ്ട്ര പിതാവായ മഹാത്മാഗാന്ധി മുന്നോട്ടു വച്ച ആശയങ്ങൾ ആവിഷ്കരിക്കുന്നവരെ അനുസ്മരിക്കുന്നതിനുമാണ് മഹാത്മാ അവാർഡ് ഏർപ്പെടുത്തിയിട്ടുള്ളത് . തന്ത്രപരമായ സിഎസ്ആർ സംരംഭങ്ങളിലൂടെ ലോകമെമ്പാടും പ്രകടമായ സ്വാധീനം സൃഷ്ടിക്കാനുള്ള കമ്പനിയുടെ ശ്രമങ്ങളുടെ തെളിവാണ് യു എസ് ടിക്കു തുടർച്ചയായി ലഭിക്കുന്ന ഈ അംഗീകാരം.

ഐക്യരാഷ്ട്രസഭയുടെ 2030 ലേക്കുള്ള സുസ്ഥിര വികസന ലക്ഷ്യങ്ങളോട് ചേർന്നു നിൽക്കുന്നവയാണ് യു എസ് ടിയുടെ സി എസ് ആർ സംരംഭങ്ങൾ. വിദ്യാഭ്യാസം, ആരോഗ്യം, ഉപജീവനമാർഗം, പരിസ്ഥിതി, ദുരന്ത നിവാരണം എന്നീ അഞ്ച് പ്രധാന മേഖലകൾക്ക് ഈ ഉദ്യമങ്ങൾ ഊന്നൽ നൽകുന്നുണ്ട്. യു എസ് ടിയുടെ അടിസ്ഥാന മൂല്യങ്ങൾ, സന്നദ്ധസേവനത്തിനായി ജീവനക്കാരെ പ്രോത്സാഹിപ്പിക്കാനുള്ള ശ്രമങ്ങൾ തുടങ്ങിയവ ഉൾപ്പെടുന്ന ഘടകങ്ങളാണ് ഈ വർഷത്തെയും, അത് പോലെത്തന്നെ 2024, 2023, 2022 വർഷങ്ങളിലെയും, വിജയങ്ങളിലേയ്ക്ക് നയിച്ചത്.

ന്യൂഡൽഹിയിലെ ഇന്ത്യ ഇന്റർനാഷണൽ സെന്ററിൽ നടന്ന ചടങ്ങിൽ സുനിൽ ബാലകൃഷ്ണനും യുഎസ്ടി ഗ്ലോബൽ പ്രോഗ്രാം മാനേജർ സ്മിത ശർമ്മയും പുരസ്ക്കാരം ഏറ്റുവാങ്ങി.

ട്രസ്റ്റിഷിപ്പിലൂടെ ഐക്യരാഷ്ട്രസഭയുടെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ കൈവരിക്കുന്നതിൽ കോർപ്പറേഷന്റെ പങ്ക്' എന്ന സെഷനിൽ പാനൽ സ്പീക്കറായും സ്മിത ശർമ്മ പങ്കെടുത്തു. 'ഇന്ത്യയുടെ സിഎസ്ആർ മാൻ' എന്നറിയപ്പെടുന്ന അമിത് സച്ച്ദേവയാണ് മഹാത്മാ അവാർഡ് സ്ഥാപിച്ചത്. ആദിത്യ ബിർള ഗ്രൂപ്പാണ് മഹാത്മാ അവാർഡിനു ചുക്കാൻ പിടിക്കുന്നത്. ലൈവ് വീക്കാണ് വർഷം തോറും അവാർഡ് ദാന ചടങ്ങ് സംഘടിപ്പിക്കുന്നത്.

# നെഫ്രോപ്ലസ് ഐപിഒ പത്ത് മുതൽ

**കൊച്ചി:** ഹൈദരാബാദ് ആസ്ഥാനമായുള്ള, ഏഷ്യയിലെ ഏറ്റവും വലിയ ഡയാലിസിസ് സേവന ദാതാവായ നെഫ്രോപ്ലസ് ലിമിറ്റഡിന്റെ പ്രാഥമിക പൊതു ഓഹരി വിൽപ്പന (ഐപിഒ) 2025 ഡിസംബർ പത്ത് മുതൽ 12 വരെ നടക്കും. 353.4 കോടി രൂപയുടെ പുതിയ ഇക്വിറ്റി ഓഹരികളും നിലവിലുള്ള ഓഹരി ഉടമകളുടെ 1,12,53,102 ഇക്വിറ്റി ഓഹരികളുടെ ഓഫർ ഫോർ സെയിലുമാണ് ഐപിഒയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഓഹരി ഒന്നിന് 438 മുതൽ 460 രൂപവരെയാണ് വില നിശ്ചയിച്ചിരിക്കുന്നത്.അർഹരായ ജീവനക്കാർക്കായി മാറ്റിവെച്ചിരിക്കുന്ന വിഭാഗത്തിൽ ഓഹരി ഒന്നിന് 41 രൂപ വീതം ഡിസ്കൗണ്ട് ലഭിക്കും.

# സി.ഐ.എഫ്.ടി ജീരാ ഫുഡ്സ് ധാരണാ പത്രം ഒപ്പിട്ടു



**കൊച്ചി :** ഫ്രോസൺ സലാഡ് ഉൽപ്പാദനത്തിനുള്ള സാങ്കേതിക അറിവ് നൽകുന്നതിനായി ഐസിഎ ആർ - സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജി (ഐ.സി.എ.ആർ -സി.ഐ.എഫ്.ടി), വൈക്കം ജീരാ (ജിഇഇ ആർഎഐ) ഫുഡ്സുമായി കരാറിൽ ഒപ്പിട്ടു. സഹകരണത്തിന്റെ ഭാഗമായി ഉൽപ്പന്ന വികസനം, പ്രോസസിംഗ് സാങ്കേതികവിദ്യ, ഉത്പാദന പിന്തുണ എന്നിവയിൽ സി.ഐ.എഫ്.ടി ജിഇഇ ആർഎഐ ഫുഡ്സിന് വേണ്ട നിർദേശങ്ങൾ നൽകും.കേരള മൃഗസംരക്ഷണ വകുപ്പിലെ റിട്ട. ജോയിന്റ് ഡയറക്ടർ ഡോ. ജിയോ എ. ജി. ആണ് ജീരാ ഫുഡ്സിന്റെ സ്ഥാപകൻ.

# ഫാസ്റ്റ് ടിവി രംഗത്തേക്ക് ഗ്രീൻ ഗോൾഡ് ആനിമേഷൻ




**ഹൈദരാബാദ്:** പ്രമുഖ ആനിമേറ്റഡ് വിനോദ നിർമ്മാതാക്കളായ ഗ്രീൻ ഗോൾഡ് ആനിമേഷൻ, കുട്ടികൾക്കും കുടുംബങ്ങൾക്കുമായി ഒരു 24X7 ചാനലായ ഗ്രീൻ ഗോൾഡ് ടിവി പുറത്തിറക്കി. പരസ്യ പിന്തുണയുള്ള സൗജന്യ സ്ട്രീമിംഗ് ടെലിവിഷൻ വിഭാഗത്തിൽ പ്രവേശിക്കുന്ന ആദ്യത്തെ ഇന്ത്യൻ സ്റ്റുഡിയോകളിലൊന്നാണ് ഗ്രീൻ ഗോൾഡ്. ടിസിഎൽ, എയർടെൽ എക്സ്ട്രീം, റൺ ടിവി, യപ്പ് ടിവി, ക്ലൗഡ് ടിവി എന്നിവയുൾപ്പെടെ പ്രമുഖ കണക്റ്റഡ് ടിവി, സ്ട്രീമിംഗ് പ്ലാറ്റ്ഫോമുകളിലൂടെ ഈ ചാനൽ ലഭ്യമാകും.

സൂപ്പർ ഭീം, മൈറ്റി രാജു, കൃഷ്ണ ബലറാം, ലവ് കുശ്, മഹാ ഗണേശ തുടങ്ങിയ ജനപ്രിയ ആനിമേഷൻ സിനിമകളുടെയും ഫുൾ എപ്പിസോഡുകളുടെയും ഒരു സമ്പന്ന ശേഖരം ഹിന്ദിയിൽ ഈ ചാനലിലൂടെ സൗജന്യമായി കുടുംബ പ്രേക്ഷകരിലേക്ക് എത്തും.

വരിക്കാരാകേണ്ട ഒടിടി പ്ലാറ്റ്ഫോമുകളിൽ നിന്ന് വ്യത്യസ്തമായി, പരസ്യങ്ങളുടെ പിന്തുണയോടെ ലീനിയർ ടിവിക്ക് സമാനമായ തടസ്സമില്ലാത്ത കാഴ്ചാനുഭവം ഫാസ്റ്റ് ചാനലുകൾ വാഗ്ദാനം ചെയ്യുന്നു. ഈ വർഷം ഡിസംബറിൽ ആറ് പ്രധാന ടൈറ്റിലുകളോടെയാണ് ഗ്രീൻ ഗോൾഡ് ടിവി പ്രവർത്തനം ആരംഭിക്കുന്നത്. വരും മാസങ്ങളിൽ പുതിയ ഐപികളും ഒറിജിനൽ പ്രോഗ്രാമിംഗും ഉൾപ്പെടുത്തി ഉള്ളടക്ക ലൈബ്രറി വിപുലീകരിക്കാനും കമ്പനി പദ്ധതിയിടുന്നുണ്ട്. ഈ നീക്കം പരസ്യ പങ്കാളിത്തത്തിലൂടെ പുതിയ വരുമാന സാധ്യതകൾ തുറക്കുകയും, കുട്ടികൾക്ക് സുരക്ഷിതവും ഉയർന്ന നിലവാരമുള്ളതുമായ വിനോദം ഡിജിറ്റൽ സംവിധാനത്തിലൂടെ ലഭ്യമാക്കുകയും ചെയ്യും.

